# പൂമൊട്ട്

AN DIGITAL MAGAZINE MADE BY MGMHSS ENGAPUZHA



## LITTLE KITES DIGITAL MAGAZINE 2018-19

എം ജി എം എച്ച് എസ് എസ് ഈങ്ങാപ്പുഴ

# Geevarghese Mar Gregorios



PATRON SAINT OF OUR SCHOOL

# സന്ദേശം. . .



ശ്രീമതി.ലിസ്സി ജോൺ
ഹെഡ്മിസ്ട്രസ്സ്

**വിവര** വിനിമയ സാങ്കേതിക വിദ്യയിൽ താൽപര്യവും വൈദഗ്ധ്യവുമുള്ള ഒരു വിഭാഗം കുട്ടികളെ കണ്ടെത്തുന്നതിന് മുന്നോടിയായി വിദ്യാലയങ്ങളിൽ രൂപംകൊണ്ട ഒരു കുട്ടിക്കൂട്ടം ആണല്ലോ ലിറ്റിൽ കൈറ്റ്സ്. സാങ്കേതികവിദ്യയിലെ ഘടകങ്ങളായ ഇൻറർനെറ്റും മറ്റു സോഫ്റ്റ്വെയറുകളും അറിവിനെ മെച്ചപ്പെടുത്തും വിധം ഉപയോഗിക്കാനും ദുരുപയോഗത്തെ നിയന്ത്രിക്കാനും സഹപാഠികളെ പ്രാപ്തരാക്കുകയാണ് ഇതിലെ അംഗങ്ങളുടെ ചുമതല. ഈ സംരംഭത്തിന് ഒരു പൊൻതൂവൽ എന്നനിലയിൽ രൂപം കൊണ്ടിരിക്കുന്ന ഡിജിറ്റൽ മാഗസിൻ കുട്ടികളുടെ കലാ നൈപുണ്യത്തെയും ചിന്താശേഷിയെയും ഉത്തരോത്തരം പരിപോഷിപ്പിക്കുന്നതാണ്, ഇതിലൂടെ നേതൃപാടവവും അന്വേഷണത്വരയും സ്വായത്തമാകുന്നു അതോടൊപ്പം സഹവിദ്യാർത്ഥികൾക്ക് ഇതിന്റെ ഗുണമേന്മ പകർന്നു നൽകാനും സാധിക്കും ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ ഓരോ വിദ്യാർത്ഥിയുടെയും ഭാവനാ ശേഷിയും സാങ്കേതിക നൈപുണിയും ഒത്തുചേർന്ന ഈ വാടാമലർ അവരുടെ വരുംകാല വിദ്യാ ശേഖരത്തിൽ സുഗന്ധം നിറയ്ക്കട്ടെ .

# ആശംസ......



**നമ്മുടെ** സ്കൂളിന്റെ 2018-19 വാർഷിക ദിനത്തോടനുബന്ധിച്ച് ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്ബിന്റെ നേതൃത്വത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ അതിയായി സന്തോഷിക്കുന്നു.

വിവരവിനിമയസാങ്കേതികവിദ്യയിൽ കൂടുതൽ പരിശീലനം നൽകി വിദ്യാർത്ഥികളെ സജ്ജരാക്കുക എന്നതാണ് ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ് കുട്ടികളുടെ ലക്ഷ്യം. അതിന്റെ ഭാഗമായി എഴുത്തിന് പകരം ഡിജിറ്റലായി ഈ മാഗസിൻ തയ്യാറാക്കിയിരിക്കുന്നു.

Nurturing creativity and inspiring innovation are two of the key elements of a successful education എന്നു പറയാറുണ്ടല്ലോ.

ആധുനിക സാങ്കേതികവിദ്യയുടെ നൂതനമാർഗങ്ങളിലൂടെ വിദ്യാർത്ഥികളുടെ ക്രിയാത്മകതയുടെ സർഗശേഷിയും വളർത്തുന്ന ഒന്നായി ഇത് തീരട്ടെ എന്ന് P.T.A യ്ക്ക് വേണ്ടി ആശംസിച്ചുകൊണ്ട് വിദ്യാർഥികൾക്കും കൈറ്റ് മാസ്റ്റർ കൈറ്റ് മിസ്ട്രസ്സ് എന്നിവർക്കും അനുമോദനങ്ങൾ നേരുന്നു.

**ആശംസകളോടെ....**

**Rev.Fr Baby John**
PTA President

# ആശംസ......



**പൊതുവിദ്യാഭ്യാസ** സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നൂതനവും കാര്യക്ഷമവുമായ പല പദ്ധതികളും നടപ്പിലാക്കിവരുന്നതിൽ അദ്ധ്യാപകരും വിദ്യാർഥികളും പൊതുസമൂഹവും ഏറെ സന്തുഷ്ടരാണ് ശാസ്ത്രവും സാങ്കേതികവിദ്യകളും അനുദിനം വളർന്നു കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഭാവിതലമുറയെ സാങ്കേതിക വിദഗ്ധരാക്കി മാറ്റുക എന്ന ഉദ്ദേശത്തോടെ വിദ്യാലയങ്ങളിൽ പ്രവർത്തിച്ചുവരുന്നൊ ലിറ്റിൽ കൈറ്റ്സ് എന്ന പദ്ധതി കുട്ടികൾക്ക് വളരെ പ്രയോജനകരമാണ് കേരള ഗവൺമെന്റിന്റെ ഈ പദ്ധതി ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്കും വികസന രാജ്യങ്ങൾക്കും മാതൃകയാണ് ഈ അവസരത്തിൽ സാങ്കേതികവിദ്യയിൽ ഞങ്ങൾ ഒട്ടും പിന്നിലല്ല എണ്ണ തെളിയിച്ചുകൊണ്ട് നമ്മുടെ സ്കൂളിൽ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിന്റെ അണിയറയിൽ പ്രവർത്തിച്ച വിദ്യാർത്ഥികൾക്കും അവരെ സജ്ജരാക്കിയ

അധ്യാപകർക്കും എന്റെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.

**ആശംസകളോടെ...**

**Elshubha T.M**
Staff Secretary

# ആശംസ……



**അറിവിന്റെ** ലോകത്തേക്കുള്ള വിവര സാങ്കേതിക വിദ്യയുടെ അതിവേഗപ്രയാണത്തിൽ കുട്ടികൾക്ക് പ്രചോദനവും മാനസികോല്ലാസവും നൽകി പുതിയവാതായനങ്ങൾ അവർക്കുമുന്നിൽ തുറന്നിടുന്ന ലിറ്റിൽ കൈറ്റ്സ്.വിദ്യാർത്ഥികളുടെ സർഗസൃഷ്ടികൾ മറ്റുള്ളവരെ പരിചയപ്പെടുത്തുവാൻ ഒരു അവസരം കൂടിഒരുക്കുന്നു. പൂമൊട്ട് എന്ന് ഓമനപ്പേരിട്ടിരിക്കുന്ന ഈ ഡിജിറ്റൽ മാഗസിൻ സംരംഭത്തിന്ന് എല്ലാവിധ ആശംസകളും നേരുന്നു.

**Mr.Sunny.CJ**
SITC

**ആശംസകളോടെ....**

# ആശംസ......





**രാ**ജ്യത്തിന് മാതൃകയായി സംസ്ഥാന വിദ്യാലയങ്ങൾ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ ഹൈടെക് ആകുമ്പോൾവിദ്യാലയങ്ങളുടെ പരിപാലനത്തിനും ഹൈടെക് സംവിധാനങ്ങൾ സംരക്ഷിക്കുന്നതിന്നുംവിദ്യാർത്ഥികളുടെ സാങ്കേതിക പരിജ്ഞാനവും ഫലപ്രദമായി വർദ്ധിപ്പിക്കേണ്ട തുണ്ട്. ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി സാങ്കേതികവൈദഗ്ധ്യമുള്ള ഒരു സംഘം കുട്ടികളെ വിദ്യാലയത്തിൽതന്നെ സജ്ജരാക്കുന്നതിന്ന് ആരംഭിച്ച പദ്ധതിയാണ് "ലിറ്റിൽ കൈറ്റ് ഐ.ടി കൂട്ടായ്മ" . ശ്രീ.ഷറഫുദ്ധീൻ കൈറ്റ് മാസ്റ്റർ ആയും, ശ്രീമതി.ഷീജ എം.വി കൈറ്റ് മിസ്ട്രസ് ആയും പ്രവർത്തിക്കുന്നു.

ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ ഒരു പ്രധാന പ്രവർത്തനം എന്നനിലയിലാണ്സ്കൂൾ "ഡിജിറ്റൽ മാഗസിൻ" പുറത്തിറക്കുന്നത്. ഇതിൽ എല്ലാ ക്ലാസുകളിലേയും കുട്ടികളിൽ നിന്ന് ലഭിച്ച സൃഷ്ടികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിന്റെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ പ്രോത്സാഹനവും സഹായവും ചെയ്ത് തന്ന ബഹുമാനപ്പെട്ട ഹെഡ്മിസ്ട്രെസ്സ് ശ്രീമതി ലിസ്സി ജോൺ, അധ്യാപകർ, ലിറ്റിൽ കൈറ്റസ് അംഗങ്ങൾ,മറ്റ് വിദ്യാർത്ഥികൾ എല്ലാവരോടു മുള്ള നന്ദി അറിയിക്കുന്നു.

Mr.Sharafudheen.P
Kite Master

**ആശംസകളോടെ...**

Mrs.Sheeja.MV
Kite Mistress

# സ്കൂൾ ഐ.ടി ഭാരവാഹികൾ



# Little Kites Members




# Editorial Board





# ഉള്ളടക്കം





കാണപ്പെട്ട ദൈവം.................................11-12

ശാപവിത്ത്..........................................13

Truth..................................................14

അച്ഛനെന്ന പുസ്തകം..............................15-16

നമ്മൾ പ്രകൃതിയെ കൊല്ലും..................17

അറിവിന്റെ പ്രാധാന്യം..........................18-19

വിശപ്പിന്റെ രക്തസാക്ഷികൾ...................20-23

അമ്മ......................................................24

കുഞ്ഞുകുരുവിക്ക് ചെയ്യാനായത്.............25

ചിണങ്ങി ചിണങ്ങി പെയ്തവൾ.................26





കേരവൃക്ഷങ്ങൾ.........................................27

ലില്ലി അപ്പൂവിനെ സഹായിച്ചു............28-29

അഞ്ചുവിരലുകൾ........................................30-31

Natural beauty.........................................................32

മയിൽ..........................................................................33

ഓർമ്മയിൽ..................................................................34

പ്രഭാതമായി.................................................................35

വാർമഴവില്ല്..................................................................36

പ്രളയനൊമ്പരം.........................................................37

സൗഹൃദം........................................................................38

മഹാത്മാഗാന്ധി........................................................39

കൺകുളിർപ്പിക്കുന്ന നുറുങ്ങുകൾ........42-54

# കാണപ്പെട്ട ദൈവം

ലേഖനം

"അമ്മ" എന്നവാക്കിന് രണ്ട് അക്ഷരങ്ങളെ ഉള്ളുവെങ്കിലും അതിനുള്ളിൽ ഒളിഞ്ഞു കിടക്കുന്ന അർത്ഥം എത്രയോ വലുതാണ്. ഒരു വിശദീകരണത്തിലും ഒതുക്കുവാൻ ആവുന്നതല്ല ഈ വാക്ക്. അവസരങ്ങളെ ഉള്ളം കയ്യിൽ മുറുകെ പിടിക്കാനും പ്രയാസങ്ങളും കരുത്തോടെ അതിജീവിക്കാനും ഒരാൾ കരുപ്പിച്ച് കരങ്ങൾ.

ചുട്ടുപൊള്ളുന്ന പനിയിൽ എന്നെ ഉറക്കെ വിളിച്ചു ശുശ്രൂശിച്ചവൾ. പരീക്ഷയുടെ തലേദിവസം വിറയ്ക്കുന്ന തണുപ്പിൽ എൻറെ തണുപ്പകറ്റാനായി , പുലർച്ച പഠിക്കാനിരിക്കുമ്പോൾ എനിക്ക് സ്നേഹം ചാലിച്ച ചൂടു കട്ടൻ കുറുക്കി തന്നും അമ്മയാണ്. അമ്പിളിമാമനെ കാട്ടി ചോറ് വാരി തന്നതും, ഭൂതം വരുമെന്നും പറഞ്ഞു പാൽ കുടിപ്പിച്ചതും, പല്ല് പറിക്കാൻ പേടി ആയിരുന്നപ്പോൾ എന്നോട് പല്ല് പറിച്ചു പുസ്തകത്തിൽ അടിയിൽ വച്ചാൽ മാലാഖ വന്നു സ്വർണ്ണം ആക്കുമെന്ന് പറഞ്ഞതും സ്നേഹംകൊണ്ട് തന്നെയായിരുന്നു.

എന്നും വീടിൻറെ കെടാത്ത വിളക്കാണ് അമ്മ. സ്വന്തം ജീവനേക്കാൾ കുടുംബത്തെ സ്നേഹിക്കുന്ന വ്യക്തിത്വം. അമ്മയുടെ കൈപിടിച്ച് ആദ്യമായിവിദ്യാലയത്തിലെ പടികൾ ചവിട്ടിയപ്പോൾ അമ്മയുടെ കൈപ്പിടിയിൽ നിന്നും ഊർന്നുപോയ വിരൽ തുമ്പ് നോക്കി ഏങ്ങലടിച്ചു കരയുന്ന എൻ മുഖം അന്ന് ക്ലാസ് മുറിയുടെ ജനലിലൂടെ എന്നെ നോക്കുമ്പോൾ കൺപീലികൾ നനഞ്ഞിരുന്നു. എത്ര കഠിനമായ വേദനയും ഹൃദയത്തിൽ ഉള്ളിലൊളിപ്പിച്ച മറ്റുള്ളവരെ മറ്റുള്ളവരെ സന്തോഷിപ്പിക്കാനായി പൊട്ടിച്ചിരിച്ചും



ഞാനോർക്കുന്നു. പറയണ്ട എന്നു കരുതി മനസ്സിൽ ഒളിപ്പിച്ചു വെച്ച വെച്ചത് നൊമ്പരങ്ങളെ പറയാതെ അറിയാനുള്ള കഴിവ് ദൈവം നൽകിയ വ്യക്തി. ജനിച്ചു വീണ അന്ന് അമ്മയുടെ കണ്ണിൽ ഞാൻ കണ്ട സുരക്ഷിതത്വവും, സ്നേഹവും, കരുതലും, വാൽസല്യവും, ഒട്ടും കുറയാതെ ആ മുഖത്തുണ്ട്, പ്രവർത്തിയിലും.

അമ്മ എന്ന പദവും ആ പഥത്തിലുള്ള സ്നേഹവും, വാൽസല്യവും മറ്റൊന്നിനും പകരം വെക്കാൻ ആകാത്തതാണ്. ഭൂമിയിലെ സ്വർഗ്ഗമായ് കുടുംബത്തിൻറെ ഹൃദയത്തുടിപ്പുകൾ, ജീവ സ്പന്ദനങ്ങൾ തൂക്കുന്നത് ആ വിരല്ത്തുമ്പ് ആണ്. കുടുംബത്തിലെ ഓരോ അംഗങ്ങളുടെയും നിഴൽ മക്കൾ എന്നോ മാലാഖ കുഞ്ഞുങ്ങൾക്ക് ദൈവം നൽകിയ തൻറെ പ്രതിരൂപം, "മക്കളുടെ കാണപ്പെട്ട ദൈവം".

Aleena K. Babu
9.B

# ശാപ വിത്ത്

കവിത



ആദ്യമായി സേവിച്ച ഒരു തുള്ളി മദ്യ
കരളിലേക്ക് ആഞ്ഞുവലിച്ച പുകയും
ഇത്ര ഭയാനകം ആണെന്ന് അറിഞ്ഞി
അത്രമേൽ എന്നെ തകർത്തൊരു ശാപ വ

കുഞ്ഞിളം പല്ലാൽ, ചിരിക്കും പൈതലിന്
ജീവിതം കീറിമുറിച്ചതും മദ്യം.
ഹരിശ്രീ എഴുതി പഠിച്ചൊരീ
കൈകളിൽ ,കാലം-.
വിലങ്ങണിയിച്ച തും മദ്യം
ബന്ധവും , ബന്ധുവും വേരറ്റു പോകുന്ന
സ്നേഹവാൽസല്യം മൺമറയുന്നു. കൂടെ നടന്നവർ പിൻ
തിരിയുമ്പോൾ
ആരോരുമില്ലാതെ ഞാൻ ഏകനാകുന്നു.
ബോംബല്ല, വാളല്ല, തോക്കല്ല, ഭീതി
പേയും, പിശാചും, പേമാരിയുംമല്ല,
ആന, കടുവ കരിമ്പുലിയല്ല, ആട്ടിൻ
തോലിട്ട ചെന്നായയല്ല
ലഹരിയിൽ മുങ്ങുന്ന നാടിനെ പേടി
മർത്യനെ കൊല്ലുന്ന ലഹരിയെ പേടി
കാലാന്തരങ്ങളായി തുടരുന്ന പ്രക്രിയ
ഇനി വേണ്ട , ഭൂമിയിൽ ഈ ശാപ വിത്ത്
കൊല്ലാതെ, കൊല്ലുന്ന കാരാള ഹസ്തം.




Gopika K.K
9 B

# Truth

Article

Truth should be followed in our everyday life. We should speak the truth, act according to truth and sincere in all our actions and thoughts. Truth alone wins the final race . False methods and crooked ways will bring success first,but ends in up in big failure. A man who is true need not fear anyone. A person speaking the truth will be respected and believed by others .Be true to your elders, friends and everyone. You will be loved and helped by all.

Hiros Sainudeen

9B



ലേഖനം

# അച്ഛൻ എന്ന പുസ്തകം

അറിവുകൾ നിറഞ്ഞ ഈ കൂടാരത്തിൽ ദൈവം തന്ന ഒരിക്കലും അവസാനിക്കാത്ത തുറന്ന പുസ്തകമാണ് എനിക്ക് എൻറെ അച്ഛൻ. തൻറെ അറിവിൻറെ അപര്യാപ്തത കൊണ്ടല്ല മറിച്ച് സാഹചര്യങ്ങളാൽ അറിവിനെ കയ്യെത്തിപ്പിടിക്കാൻ കഴിയാതെപോയ വ്യക്തി. അന്ധകാരം നിറഞ്ഞ ജീവിതശോഭ പരത്തുന്ന താരകം. ഭൂമിയിലേക്ക് പിറന്നുവീഴുന്ന സമയത്ത് ഞാൻ പോകുന്നില്ല, എനിക്ക് ദൈവം തന്നെ അടുത്ത് വേണമെന്ന് പറഞ്ഞപ്പോൾ നിന്നെ ആദ്യം ഏൽപ്പിക്കുക ഈ കൈകളിൽ ആയിരിക്കുമെന്ന് ദൈവം വാക്കു തന്നിരുന്നു ആ വാക്ക് ദൈവം പാലിച്ചു, ആദ്യമായി എന്നെ ഏറ്റുവാങ്ങിയ കരങ്ങൾ ദൈവം പ്രതിരൂപമായ അച്ഛൻറെതായിരുന്നു, ആ ഉറച്ച കരങ്ങളിൽ ഞാൻ അനുഭവിച്ചതും ഇന്നും അനുഭവിക്കുന്നതും ദൈവം ആദ്യം എനിക്ക് നൽകിയ സുരക്ഷിതത്വബോധം ആയിരുന്നു. നേഴ്സറിയിൽ ആദ്യാക്ഷരം നുകരാനായ് എത്തിയ എൻറെ കുഞ്ഞി കയ്യിൽ പുഞ്ചിരിയോടെ ടീച്ചറമ്മ വെച്ചുനീട്ടിയ വർണ്ണാഭമായ ആ പുസ്തകത്തിലൂടെ കണ്ണോടിച്ചപ്പോൾ ഉണ്ടായ അതേ കൗതുകമാണ് എൻറെ അച്ഛനിൽ ഇന്നും കാണുന്നത്. അച്ഛന് രാവും പകലും ഇല്ല, എല്ലാം ത്യജിച്ചത് കുടുംബത്തിന് വേണ്ടിയാണ്. പിന്നിയ കുപ്പായം ആണെങ്കിലും, അതും മാറ്റി വാങ്ങാതെ മക്കൾക്കായി ആ സന്തോഷവും പകർന്നു നൽകിയിരുന്നു. അച്ഛൻറെ വിയർപ്പ് കൊണ്ടാണ് ഞാൻ എൻറെത്എന്ന് അവകാശപ്പെടുന്ന ഓരോ വസ്തുവും



നിർമ്മിച്ചിരിക്കുന്നത്. ഞാൻ കണ്ട ഏറ്റവും വലിയ ഭർത്താവും, സുഹൃത്തും, ഡോക്ടറും  അങ്ങിനെ എല്ലാം അച്ഛനാണ്. എങ്ങനെ സ്നേഹിക്കണമെന്നും എങ്ങനെ സഹായിക്കണമെന്നും സംസാരിക്കണമെന്നും എന്നെ പഠിപ്പിച്ചത് ആ പുസ്തകമാണ് എവിടെയോ കണ്ണിൽ തടഞ്ഞ ഇന്നും ഹൃദയത്തിൽ നിന്നും മായാതെ ഒരു  ലോകമുണ്ട്" അച്ഛൻ ഒരു പെൺകുട്ടിയുടെ ആദ്യ പ്രണയവും ഒരു മകന്റെ ആദ്യ നായകനുമാണ്". സ്വപ്നങ്ങൾ എന്ന ചിത്രങ്ങൾക്ക് നിറം പകരാനുള്ള  ചായക്കൂട്ടുകൾ എനിക്കു നൽകിയത്  അച്ഛനാണ്. കാരുണ്യമെന്ന  ഭാവത്തെ  മുഖത്ത്നിന്നും മനസ്സിലേക്ക് പറിച്ചു നടുവാൻ പഠിപ്പിച്ചു. മനസ്സിൽ ആഗ്രഹിക്കുന്ന കാര്യങ്ങളെ പറയുന്നതിനുമുമ്പ് എൻറെ  വിരൽത്തുമ്പിൽ എത്തിച്ചയാൾ. നല്ല കാര്യങ്ങൾ മാത്രം പരിചയപ്പെടുത്തിയ ഒരു പുസ്തകം. ഒരു പുസ്തകത്തിലും അവസാനിക്കാത്ത വ്യക്തിത്വം. നല്ല അക്ഷരങ്ങളും നല്ല വാചകങ്ങളും മാത്രം നിറഞ്ഞ ആകർഷണവർണ്ണാഭമായ പുസ്തകം.

Gayathri C.B
9B

# നമ്മൾ പ്രകൃതിയെ കൊല്ലും

ലേഖനം

ദൈവത്തിൻറെ സ്വന്തം നാട് എന്ന് അറിയപ്പെടുന്ന കേരളം ഓണത്തിന് മുമ്പ് പ്രളയം കൊണ്ട് വലഞ്ഞ നമ്മുടെ കേരളം ഇപ്പോഴും പഴയ സ്ഥിതിയിലെത്തിട്ടില്ല. എന്നാൽ അന്ന് പ്രളയം കാരണം ഒരുപാട് ജീവനുകൾ എടുത്തു. അതിന് ഏറ്റവും വലിയ കാരണം നമ്മൾ മനുഷ്യർ മാത്രമാണ്. മനുഷ്യർ പ്രകൃതിയെ കൊല്ലുന്ന രീതിയിലുള്ള പ്രവർത്തനങ്ങളാണ് ഇന്ന് മനുഷ്യൻറെ ഭാഗത്തുനിന്ന് ഉണ്ടാകുന്നത്. പണ്ട് നമ്മുടെ കേരളം കുന്നുകളും കാടുകളും നിറഞ്ഞ ഒരു വലിയ പ്രദേശമായിരുന്നു. എന്നാൽ ഇന്ന് കെട്ടിടങ്ങളുടെ കൂമ്പാരമാണ്.

പുഴകൾ നികത്തിയും വയലുകൾ നശിപ്പിച്ചും കുന്നുകൾ ഇടിച്ച് മനുഷ്യർതന്നെ ആവശ്യങ്ങൾ നിറവേറ്റുന്നു.പട്ടണത്തിൽ ഉള്ളവർ അവരുടെ മാലിന്യങ്ങൾ ഗ്രാമങ്ങളിലേക്ക് തള്ളിവിടുകയാണ് ചെയ്യുന്നത്. അപ്പോഴാണ് നമ്മുടെ ഗ്രാമങ്ങളും പട്ടണങ്ങളും ഒരുമിച്ച് നശിക പ്പെടുന്നു. ഇപ്പോൾ നമ്മുടെ നഗരങ്ങളിലേക്ക് പ്രവേശിക്കുമ്പോൾ ഒരു മരം പോലും കാണുന്നില്ല എന്നതാണ് അത്ഭുതം. എത്ര കിട്ടിയാലും പഠിക്കാത്ത മനുഷ്യർ ആണ് കാരണം. ഇത്രയും അനുഭവങ്ങൾ നമുക്ക് ഉണ്ടായിട്ടും പ്രകൃതിയെ നമ്മൾ നശിപ്പിക്കാൻ ഇരുന്നു. മരങ്ങൾ വെട്ടിയും കുന്നുകൾ ഇടിച്ച് എത്രകാലം നമ്മളിങ്ങനെ ജീവിക്കും.




Muhammed
Riswan JR
9A

# അറിവിന്റെ പ്രാധാന്യം

കവിത

എൻറെ മനസ്സാകുന്ന കാണാ പൈങ്കിളി
ഇന്നതിൻ ഉള്ളം തുറന്നു പാടുന്നു
എൻറെ മനസ്സിൽ അറിവു നിറയ്ക്കും
അതെന്തേ ഭാവിയിൽ വെളിച്ചം പകരും

എൻറെ മനസ്സിൽ കുടികൊള്ളും ശക്തിയെ
അന്നു ഞാൻ പുറത്തെടുക്കും
എൻറെ മനസ്സിൽ കുടികൊള്ളും നന്മയെ
അന്നു ഞാൻ തിരിച്ചറിഞ്ഞു



എൻറെ മനസ്സിൽ മാധുര്യം അന്നു ഞാൻ
ഒറ്റയ്ക്ക് ഞാൻ നുണഞ്ഞു തിന്നും
അക്കാലം അന്നു ഞാൻ  പരിപൂർണമാവും
അണ്ണൻ അറിവ് പൂർണമാകും

Anashwara A.M
9B

# വിശപ്പിന്റെ രക്തസാക്ഷികൾ

കഥ

ഏട്ടാ വിശന്നിട്ട് വയ്യ'' താമര മധുവിനോട് ഇടറിയ ശബ്ദത്തിൽ മന്ത്രിച്ചു. അവൾ കാടിനെ മകളാണ് ആധുനികരുടെ ഭാഷയിൽ ആദിവാസി .അത്രപെട്ടെന്നൊന്നും തളരാത്ത പ്രകൃതം പക്ഷേ അവളും മനുഷ്യനല്ലേ,ഇന്ന് അവൾ തളർന്നു മൂന്നുദിവസമായി വീട്ടിൽ അടുപ്പ് പുകഞ്ഞിട്ട് . അവസാനമായി വച്ച വറ്റില്ലാത്തകഞ്ഞി തളർവാതം പിടിച്ച അപ്പനും അമ്മയ്ക്കും തൊണ്ട നനയ്ക്കാൻ തികഞ്ഞില്ല. അന്ന് നിനക്ക് വേണ്ടേ മോളെ എന്ന് ചോദിച്ചപ്പോൾ ഉള്ളിലുള്ളതെല്ലാം ഒരു കൊച്ചു പുഞ്ചിരിയിൽ മറച്ചുവെച്ച് അവളെന്നോട് എനിക്ക് വിശക്കുന്നില്ല ഏട്ടാ എന്നു പറഞ്ഞിരുന്നു അന്ന് മറുത്തൊന്നും പറയാതിരുന്നത് മറ്റൊന്നു കുടിയിൽ ഇല്ലാഞ്ഞിട്ടായിരുന്നു .

അവൻ പതിയെ ആ പൊള്ളുന്ന നെറ്റിയിൽ കയ്യമർത്തി ഒഴുകിവന്ന മിഴിനീർ അവൻ തുടച്ചു അവനും വിശപ്പുണ്ടായിരുന്നു എന്നാൽ അവൻ ആണല്ലേ വിശപ്പും കരച്ചിലും ആണുങ്ങൾക്ക് ചേർന്നതല്ലല്ലോ, അതുകൊണ്ടവൻ മുണ്ടുമുറുക്കി പതിഞ്ഞ കാൽവെപ്പുകളോടെ പുറത്തേക്ക് നടന്നു ശബ്ദം ഉണ്ടാക്കിയിരുന്നില്ല എങ്കിലും താമര അതറിഞ്ഞു അവൾ എങ്ങോട്ടാണെന്ന ഭാവത്തിൽ അവനെ നോക്കി 'ഇന്ന് മോൾക്ക് വയറുനിറയെ ചോറ് തരാട്ടോ' അവൻ ഉറക്കെ പറഞ്ഞു അവളെ വാൽസല്യത്തോടെ നോക്കി പ്രതീക്ഷയുടെ നെയ്ത്തിരികൾ അവളുടെ കണ്ണിൽ തെളിഞ്ഞു കണ്ടിരുന്നു.



നനഞ്ഞ ചപ്പിലകൾ ക്ക് മുകളിൽ ഉറച്ച കാൽവെപ്പുകളോടെ ചില്ലികൊമ്പുകൾ വകഞ്ഞുമാറ്റി കാട്പിന്നിട്ടു.

ഉദ്ദേശിച്ച സ്ഥലത്തേക്ക് കാലുകൾ അവനെ കൊണ്ടെത്തിക്കുക യായിരുന്നു. മങ്ങിയ വെട്ടത്തിൽ പകുതി തുരുമ്പിച്ച ബോർഡ് അവൻ വായിച്ചു "റേഷൻ കട". പുച്ഛം നിറഞ്ഞ അവൻറെ പൊട്ടിച്ചിരിയിൽ ചിതലരിച്ച കട ഒന്നാകെ ഇളകി. കൂർത്ത കല്ലുകൾ ഇരുമ്പു പൂട്ടുകൾ തകർത്തെറിയുമ്പോൾ അവൻറെ കൈകൾ വിറ ച്ചില്ല കാരണം ആരുടെയും ഔദാര്യമല്ല അവൻറെ അവകാശമാണെന്ന് അവൻ തിരിച്ചറിഞ്ഞിരുന്നു ഒരു കൊച്ചു ചാക്ക് അരി എല്ലുന്തിയ പുറത്തേറ്റി അവൻ നടന്നു . കുടിലിൽ എത്തിയ അവൻ ചാക്ക് ഉമ്മറത്തിണ്ണയിൽ വച്ച് താമരയെ വിളിച്ചെങ്കിലും ആരും വിളി കേട്ടില്ല വാതിലിനു പകരമായി വച്ച് മരപ്പലക മാറ്റി അകത്തേക്ക് കയറിയപ്പോൾ കാലിൽ എന്തോ പശിമ. ചുമച്ചു രക്തം തുപ്പിയ അപ്പൻ തളർന്നു കിടക്കുന്നുണ്ടായിരുന്നു. രക്തം കണ്ട് അറപ്പു മാറിയതിനാൽ അവന്ന്ഒന്നും തോന്നിയില്ല. അനിയത്തിയുടെ അടുക്കലെത്തി കുഞ്ഞു മുഖത്ത് ഒരു ഉമ്മ കൊടുത്തപ്പോൾ അവൻറെ ചുണ്ടുകൾ പൊള്ളി. ചൂട് അത്രയ്ക്കുണ്ടായിരുന്നു. ചോലയിൽ പോയി അരി കഴുകി കലത്തിലിട്ട് അടുപ്പു കത്തിച്ചപ്പോഴേക്കും നേരം പുലർന്നിരുന്നു.

അരി വേവുവോളം തളർച്ചയെന്നു മാറ്റാനായി മണ്ണിൽ തലവച്ച് അവൻ കിടന്നു .നിർത്താതെ കേട്ട മുട്ടുകളിൽ

കുടിൽ ഒന്നാകെ കുലുങ്ങി. ഞെട്ടിയെഴുന്നേറ്റ മധു ചിതലരിച്ച മരപ്പലക മാറ്റി പുറത്തേക്ക് നോക്കി ആക്രോശങ്ങളും ശകാരങ്ങളും ആയി ഒരു കൂട്ടം ആളുകൾ അവനുനേരെ പാഞ്ഞടുത്തു . ആയുധങ്ങളും കാലുകളും

ആ എല്ലിച്ച  ശരീരത്തിൽ ചതവുകളും പാടുകളും കോറിയിട്ടു വിശപ്പ് തളർത്തിയ മധുവിന് ഒരു വാക്കുപോലും മറുത്തുപറയാൻ കഴിഞ്ഞില്ല അവൻറെ ശരീരം ആ ഉപദ്രവങ്ങളെ എതിർത്തുമില്ല .   കുടിലിലെ മൂലക്കുള്ള അരിച്ചാക്ക് തലയിലേറ്റി ആ ഭ്രാന്തന്മാർ കാടിറങ്ങുന്നതിനു മുമ്പ്   അരി കലം തട്ടി മറിച്ചിരുന്നു  വെന്തുകഴിഞ്ഞ അരി മധുവിൻറെ മുഖത്തെ രക്തത്തിൽ പറ്റി ചേർന്ന് കിടന്നു ഒരു വറ്റ് ചോറ്  രുചിച്ചുനോക്കി കൂടെ എന്ന അവ അവനോട് ചോദിക്കുന്നുണ്ടായിരുന്നു. പിറ്റേന്ന് പുലർച്ചെ വെള്ള പുതച്ച മൂന്ന്  ശവശരീരങ്ങൾ നിലംപൊത്തിയ കുടിലിനു മുൻപിൽ നിരത്തി വെച്ചിരുന്ന അവയ്ക്ക് മുകളിൽ രക്തം കൊണ്ടുള്ള ഒരു ലിഖിതം  "വിശപ്പിൻറെ രക്തസാക്ഷികൾ".

Leen Mariyam


9B



# അമ്മ

ലേഖനം

അമ്മ എന്നു പറയുന്നതു തന്നെ സ്നേഹത്തിൻറെ നിറകുടമാണ്, എന്തു തെറ്റു ചെയ്താലും അതെല്ലാം ക്ഷമിക്കാൻ കഴിയുന്ന ഒരൊറ്റ വ്യക്തി അത് അമ്മ മാത്രമാണ്. സ്വന്തം മകളോ മകനോ വീട്ടിൽ നിന്നിറങ്ങിയാൽ തിരിച്ചെത്തുന്നതുവരെ ആ നെഞ്ചിൽ തീയാണ്. മക്കളോട് പൊറുത്ത് പിന്നീട് ആരും കാണാതെ മക്കൾ ചെയ്യുന്ന തെറ്റുകളെ ഓർത്ത് കരയും. അതാണ് അമ്മ, ആ മനസു കാണാൻ ആരും ശ്രമിക്കില്ല അതിന് കഴിയുകയുമില്ല. എല്ലാവരും മറ്റാരെക്കാളും അമ്മയ്ക്കാണ് പ്രാധാന്യം നൽകുന്നത്. അമ്മയാണ് നമ്മുടെ ജീവിതത്തിന് സർവ്വവും. അമ്മയുടെ സ്നേഹത്തിനു മുമ്പിൽ തോറ്റുപോകും ആരാണെങ്കിലും. വലിയ വലിയ ഉയരങ്ങളിൽ എത്തിയവർക്കും വരെ അവരുടെ വിജയത്തിനു പിന്നിൽ അമ്മയെന്ന മഹാവ്യക്തിതന്നെ ആയിരിക്കും. ഏതൊരു കാര്യത്തിനും നാം ആദ്യം അനുവാദം ചോദിക്കുന്നത് അമ്മയോടാണ്. അമ്മയുടെ സ്നേഹത്തിനു മുമ്പിൽ മറ്റൊരാൾക്കും ഒരു സ്ഥാനവുമില്ല. അമ്മ എന്ന വാക്ക് അതാണ് ലോകത്തിലേറ്റവും മഹത്തായ വാക്ക്. അമ്മയെ മറന്നു ജീവിക്കാൻ പാടില്ല. അത് മരിക്കുന്നതിനു തുല്യമാണ്.



Delna Jiji
9B

# കുഞ്ഞുകുരുവിക്ക് ചെയ്യാനായത്

കഥ

ഒരിക്കൽ കാട്ടിൽ ഒരു തീപിടുത്തമുണ്ടായി.അതിൽ നിന്നും രക്ഷപ്പെടാനായി പക്ഷിമൃഗാദികളെല്ലാം ഓടുകയാണ്. അവരിൽ മുതിർന്ന മൂങ്ങയുടെ വാക്ക് കേൾക്കാതെ ഇടയ്ക്ക് വച്ച് ഒരു കുരുവി തിരിച്ചുപറന്നു.കുരുവി എന്തു ചെയ്യുമെന്ന ആകാംക്ഷയിൽ മൂങ്ങയും പിന്നാലെ പറന്നു. കുരുവി അവിടെയുണ്ടായിരുന്ന ചെറിയ അരുവിയിൽ നിന്ന് തൻെറ കുഞ്ഞുചുണ്ടിൽ വെള്ളം കോരി ആ ആളികത്തുന്ന തീയിലേക്ക് ഒഴിക്കുന്ന കാഴ്ച്ചയാണ് മൂങ്ങ കണ്ടത്."ഇത്രയും വലിയ തീയിലേക്ക് നിൻെറ കുഞ്ഞുചുണ്ടുകൊണ്ട് വെള്ളം കോരി ഒഴിച്ചാൽ ആ തീയണക്കാൻ കഴിയുമോ?"-മൂങ്ങ വീണ്ടും ചോദിച്ചു.കുരുവി മറുപടി പറഞ്ഞു;എനിക്കു കഴിയുന്നതിൻെറ പരമാവധി ഞാൻ ചെയ്യും.അല്ലയോ മൂങ്ങച്ചാ എനിക്കൊരു ഉപകാരം ചെയ്യുമോ?മൂങ്ങ ചോദിച്ചു എന്താണ് ? ഈ കാട്ടിലുള്ള സകല പക്ഷി മൃഗാധികളോടും ഇവിടെ വന്ന് തന്നാലാവുംവിധം വെള്ളമെടുത്ത് ഈ കാണുന്ന തീ അണക്കാൻ പറഞ്ഞാലും മൂങ്ങ എല്ലാവരേയും വിളിച്ച് കാര്യങ്ങൾ അറിയിച്ച ു,എല്ലാവരും സഹകരിച്ച് തീ അണച്ചു.

ഇതിലൂടെ നാം മനസിലാക്കുന്നത് നാം എന്തു ചെയ്താലും ആത്മാർത്ഥയോടെ ചെയ്യണം. പരസ്പരം സഹകരിച്ചാൽ നാം എത്രവലിയ പ്രയത്നം ചെയ്താലും അതു സഫലമാകും. എന്തു കാര്യവും ആത്മാർത്ഥയോടെ ചെയ്യണം അതിനാൽ നാം നമ്മുടെ കഴിവിനെ പരമാവധി ഉപയോഗപ്പെടുത്തണം .




Sneha Santhosh
9G

# ചിണുങ്ങി ചിണുങ്ങി പെയ്തവൾ

കവിത

ചിണുങ്ങി ചിണുങ്ങി പെയ്തിടും സുന്ദരി
എന്തേ ഈ ആണ്ടിൽ കലിതുള്ളി പെയ്തുവോ?
പല ജീവൻ പൊലിച്ചുകളഞ്ഞ് നീ
ദൈവത്തിൻ നാടിനെ മുക്കിക്കളഞ്ഞുവോ

മുങ്ങിത്താണിട്ടും എൻ നാടിനേകൈ തന്നു
കരകയറ്റി തീരത്തിൻ മക്കൾ
അവരാണ് ഇവിടുത്തെ നായകർ തൻ
വിജയിച്ചു ഞങ്ങളീ പ്രളയത്തെ ഇന്ന്

ഒരേയൊരു ലക്ഷ്യം ഇനി ഞങ്ങളിൽ
നശിച്ചുപോയ തൻ നാടിനെ
പടുത്തുയർത്തും ഞങ്ങൾ വാശിയോടെ
നിർമിക്കും ഞങ്ങൾ നവ കേരളത്തെ



Akthar.A
9.G

# കേരവൃക്ഷങ്ങൾ

കവിത

കേരളത്തിൻ അരുമ കിടാങ്ങൾ നിങ്ങൾ

കേരവൃക്ഷങ്ങളെ....

തോളിൽ നാളികേരങ്ങളും താങ്ങി

വർഷംകാലത്തിന്റെ യാതനകൾ അറിയാതെ...

മയിൽ പീലി വിടർത്തുമ്പോൽ നീ

തൻ ഓലകൾ വിടർത്തി ഇളം കാ-

റ്റിൽ മന്ദം മന്ദം ആനന്ദിക്കുന്നു......



വേനൽച്ചൂടിൽ കുളിരു പകർത്തി,

ആളുകൾ തോറും മഴകൾ വളർത്തി,

മാനത്ത് ഉടനീളം  പ്രശസ്തി ഉയർത്തി

മാതൃഭൂമിയെ വാനവം വരെ വളർത്തി-

പ്രഭയാൽ  മിന്നും കേര തരുക്കളേ......

നിങ്ങൾ തന്നെ നാടിൻറെ വിജയകിരണങ്ങൾ

Rifa Nasrin
9C

# ലില്ലി അപ്പുവിനെ സഹായിച്ചു

കഥ

ഒരുദിവസം ലില്ലി എന്ന ചിത്രശലഭവും അപ്പു എന്ന ആനക്കുട്ടി യും കൂടി പൂന്തോട്ടത്തിൽ കളിക്കുകയായിരുന്നു. അടുത്തുണ്ടായിരുന്ന പ്ളം മരംപിടിച്ച് കുലുക്കുക യായിരുന്നു. കുലുക്കും അതിനൊപ്പം തന്നെ താഴെവീഴുന്ന കൊണ്ടിരിക്കുന്ന പഴങ്ങൾ പിടിക്കാനും അപ്പു ശ്രമിച്ചു. ആ സമയം ലില്ലി അടുത്തുള്ള പൂവിൽ നിന്നും പൂമ്പൊടി ശേഖരിക്കുകയായിരുന്നു. അപ്പോൾ അപ്പു പാടാൻ തുടങ്ങി..



പ്ലം ,പ്ലം,പ്ലം

എനിക്ക് പ്ലം ഇഷ്ടമാണ്

എനിക്ക് ഒരു പ്ലം തരു

എനിക്ക് രണ്ട് പ്ലം തരു....

അതുകണ്ട് ലില്ലി പൊട്ടിചിരിച്ചു പെട്ടെന്ന് ഒരു പ്ലം അപ്പുവിന്റെ തുമ്പിക്കയ്യുടെ ഉള്ളിൽ വീണു. അപ്പു തുമ്പിക്കൈ കുടഞ്ഞു നോക്കി. പക്ഷേ പ്ലം പുറത്തുവന്നില്ല. അയ്യോ ഞാൻ ഇനി എങ്ങനെ വെള്ളം കുടിക്കും. അപ്പു കരഞ്ഞു. അപ്പോൾ ലില്ലി അപ്പുവിനെ പൂക്കളു അടുത്തേയ്ക്ക് കൊണ്ടുപോയി. അവിടെ ധാരാളം പൂക്കൾ ഉണ്ടായിരുന്നു . ലില്ലി അപ്പുവിനോട് ആപ്പുകൾ മണക്കാൻ പറഞ്ഞു. അപ്പു തൻറെ തുമ്പികൈകൊണ്ട് പൂക്കളുടെ വാസന പിടിച്ചു. അപ്പു പൂക്കളുടെ മണം പിടിച്ചപ്പോൾ പൂവിലെ പൂമ്പൊടി മൂക്കിൻറെ ഉള്ളിൽ കയറി. അതോടെ അപ്പുവിന് തുമ്മാൻ വന്നു. ആ... ആ... ആച്ചി . അപ്പു തു മ്മിയപ്പോൾ പ്ലം പുറത്തുവന്നു. അപ്പുവിന് സന്തോഷമായി. അപ്പു വീണ്ടും പ്ലം മരം കുലുക്കാൻ ആരംഭിച്ചു. അപ്പോൾ ലില്ലി പറഞ്ഞു, നീ ഒരു സമയത്ത് ഒരു കാര്യം ചെയ്യ്, ഒന്നെങ്കിൽ മരം കുലുക്ക് അല്ലെങ്കിൽ താഴെ വീണ പഴം എടുത്തു കഴിക്ക്.

ലില്ലി നീ പറഞ്ഞത് ശരിയാണ്. അപ്പു അങ്ങനെ പ്ലം മരം കുലുക്കുന്നത് നിർത്തി. താഴെ വീണപ്ലം തിന്നാൻ തുടങ്ങി. അങ്ങനെ അവർ സന്തോഷത്തോടെ ജീവിച്ചു.




Navaneeth.A

5.A

# മാനും വേട്ടക്കാരനും

കഥ

ധാരാളം ചക്കകൾ ഉള്ള ഒരു കാട്ടിൽ ചക്ക പഴം തിന്നാൽ മാനുകൾ എത്തുമായിരുന്നു ഒരിക്കൽ മാനുകളെ പിടിക്കാൻ വേട്ടക്കാരൻ ഒരു അത്തിമരത്തിലെ മുകളിൽ കയറിനിന്നു ഈ സമയം മാൻ ആ വഴി വന്നു അത്തിമരത്തിലെ മുകളിൽ ഇരിക്കുന്ന വേട്ടക്കാരനെ അവൻ ദൂരെനിന്ന് കണ്ടു. വേട്ടക്കാരനെ ഒരു പാഠം പഠിപ്പിക്കണം മാൻ അടുത്തുള്ള അത്തിമരത്തിലെ ചുവട്ടിലേക്ക് പോയി. മാനിനെ കൂട്ടുകാരനായി വേട്ടക്കാരൻ കയ്യിൽ കരുതി ചക്കപ്പഴം അതിനു എറിഞ്ഞുകൊടുത്തു. അത്തിമരത്തിലെ മുകളിൽനിന്ന് ചക്കപ്പഴം വീഴുന്നു മാലിന്യ ചോദ്യം കേട്ട് അബദ്ധം മനസ്സിലായ വേട്ടക്കാരൻ വേഗം അത്തി കായ പറിച്ചിട്ടു. അപ്പോൾ മാൻ പറഞ്ഞു; അപ്പി മരമേ ആദ്യം നീ ചക്കപ്പഴം തന്നു. പിന്നെ എനിക്ക് അത്തിപ്പഴം തന്നു. ഇതു രണ്ടും മനുഷ്യൻറെ സ്വഭാവമാണ് മാൻ വേഗം ഓടിപ്പോയി മാൻ ഓടി പോകുന്നത് കണ്ടു വേട്ടക്കാരൻ വില്ലുകൊണ്ട് എറിഞ്ഞു. അത് മാനിന്റെ ദേഹത്തു കൊണ്ടു. മാൻ നിലത്തെ വീണു. അത് കണ്ടു ആ വഴി ഒരു വൈദ്യർ വന്നു മാനിന്റെ ദേഹത്ത് പരിക്ക് പറ്റിയത് വൈദ്യർ കണ്ടു. വൈദ്യർ പച്ചമരുന്ന് അരച്ച് അതിൻറെ ദേഹത്ത് തേച്ചു കൊടുത്തു. അതിനു വേദന മാറി അത് എഴുന്നേറ്റു. കുറച്ചു കഴിഞ്ഞു മാനിന്റെ അമ്മ വന്നു . മാനിന് ഇത് സംഭവിച്ച വേട്ടക്കാരന് നല്ല പണി കൊടുക്കണം എന്ന് അമ്മ തീരുമാനിച്ചു. കാട്ടിൽ പോയി കുറേ മാനിനെ കൂട്ടികൊണ്ട് വന്നു വേട്ടക്കാരൻറെ




അടുത്ത്ചെന്നു . വേട്ടക്കാരനെ കുറെനേരം ഓടിപ്പിച്ചു. മാനിന് സന്തോഷമായി, പിന്നെ അമ്മ മാനും കുഞ്ഞുമാനും സന്തോഷത്തോടെ മടങ്ങി.

Gouri Krishna
8.G

# അഞ്ചു വിരലുകൾ

കഥ

ഒരിക്കൽ ഒരു കയ്യിലെ അഞ്ചുവിരലുകൽ തമ്മിൽ തർക്കിച്ചു.അവരിൽ ആരാണ് പ്രധാനി എന്നായിരുന്നു തർക്കം.തള്ളവിരൽ പറഞ്ഞു

എന്തും എടുക്കാനും എഴുതാനും ഞാൻ വേണം .ചൂണ്ടുവിരൽ വാദിച്ചു.

ന്തിനേയും ചൂണ്ടി ക്കാണിക്കുവാനും, ഒന്നാമത് എന്ന് സൂചിപ്പിക്കാനും

ഞാൻ വേണം.നടുവിരൽ പറഞ്ഞു. നീളത്തിൽ ഞാനാണ് ഒന്നാമൻ.

ജന്മനാനേതാവ്. അണിവിരൽ അവകാശപ്പെട്ടു,വിവാഹമോതിരം

അണിയുന്നത് ഞാനാണ് .കുടുമ്പത്തിന്റെ സ്നേഹത്തിന്റ പ്രതീകവും

ആണ് മോതിരം.

ചെറുവിരൽ പറഞ്ഞു,ഏറ്റവും കൂടുതൽ ഓമനത്തം എനിക്കാണ് ,കൈതൊഴുമ്പോൾ ഞാനാണ് മുമ്പിൽ നിൽക്കുന്ന

നേതാവ്. അവസാനം കൈയുടെ ഉടമസ്ഥൻ പറഞ്ഞു,

“നിങ്ങളെല്ലാവരും എനിക്ക് ഒരുപോലെ പ്രധാനവും പ്രിയങ്കരവും

ആണ്. ഒറ്റക്ക് നിന്നാൽ നിങ്ങൾ നിസ്സഹായരാണ്.എന്നാൽ ഒത്തു

ശ്രമിച്ചാൽ നിങ്ങൾക്ക് എന്തും ചെയ്യാൻ സാധിക്കും"

Shalu Febin
9B

# Nature Beauty

Poem

I dream of rain
I  dream of gardens
in the desert sand
I  wake in pain
I  dream of love as
time runs
through my hand.



Muhammed Riswan JR
9A

# മയിൽ

കവിത

മയിലെ മയിലെ പൂമയിലെ
പീലി വിടർത്തി ആടാമോ?
കാർമേഘങ്ങൾ വന്നണയുമ്പോൾ
പീലിവിടർത്തി തുള്ളാമോ?



മയിൽ ആട്ടങ്ങൾ കാണാനായി
വന്നണയുന്നു എല്ലാരും
മയിലെ മയിലേ പൂമയിലെ
പീലി വിടർത്തി ആടാമോ?

Fathimathu Safana.K
9.B

# ഓർമ്മയിൽ

കവിത

കലിതുള്ളി വരുന്ന പേമാരി
മരണത്തിൻറെ ഇരമ്പൽ
കേട്ടു ഞാൻ
ഭൂമി രണ്ടായി പിളർന്നുവോ

മക്കളെ കൂട്ടിപിടിച്ചു ഞാൻ
ഓടി മറയാൻ മറന്നുപോയി
ഞങ്ങൾ ആ മണ്ണിനടിയിലായി
ഞങ്ങൾ നിങ്ങളിൽ ഓർമ്മയായി




Ramya T.R
10.G

# പ്രഭാധമായി

കവിത

നക്ഷത്ര പട്ട്  പുടവയും
അമ്പിളി തിലകവും
മിന്നാമിന്നി പൂമാലയുമായി
ആകാശം ആമ്പൽ ആളുകളോടൊത്തു

പൊൻപുലരിക്കായി  കാത്തിരുന്നു......
നാണത്താൽ ചുവന്നുതുടുത്തു
ചെല്ല പൂങ്കാറ്റിനോടൊത്തു
മന്ദമണഞ്ഞ  പുലരിയുടെ



സീമന്ത രേഖയിൽ
സൂര്യ തിലകം ചാർത്തി
ആകാശം അവളെ സുമംഗലിയാക്കി

Shalu Febin
9B

# വാർമഴവില്ലേ...

കവിത

വാർമഴവില്ലേ വന്നാലും
വാനിൻ മടിയിലിരുന്നാല
കൺ കുളിരുന്ന കാണുമ്പോൾ
കരൾ നോവുന്ന മായുമ്പോൾ



ആരു നിനക്കീ നില നൽകി ?
എന്നെക്കൂടി വിളിക്കാമോ?
നിങ്ങളുടെ അരികിലിരുത്താമോ?
താഴത്തേക്കു വരുന്നില്ല?

തന്നെ ഇരുന്നാൽ മുഷിയില്ലെ
ആരോ നിനക്കൊരു കഥ പറയാൻ?
ആരുണ്ട് അവിടെനിന്ന് ഒരു ഉമ്മ തരാൻ
വന്നുകളിപ്പാൻ കൊതിതോന്നും

വാർമഴവില്ലേ മായല്ലേ
അഴകേ നീ പോകല്ലേ

Nadiya Sherin
9B

# പ്രളയനൊമ്പരം

കവിത

അന്നു നീ തന്നൊരു നോവിന്റെ
കടലിലായ് എന്നും
നീറി നീറി കഴിയുന്നു ഞങ്ങൾ
അന്നു നീ വന്നൊരു രാവിൽ
പകലിന്റെ ഓർ മകൾ
ഉള്ളിലൊതുക്കി കഴിയുന്നു ഞങ്ങൾ
അറിയാതെ മണ്ണിലലിഞ്ഞ് പോയോർക്ക്
തുല്യമായ്
പ്രതികാരമോടെ പടുത്തുയർത്തും
ഞങ്ങളീ കേരളം
ഇനിയുമീ കേരളമണ്ണിൻ അരുമ-
കിടാങ്ങളായ് മാറുരകയാണ്
പ്രളയമേ ഞങ്ങൾ



Jannathul Farveen
9B

# സൗഹൃദം

കവിത



സൗഹൃദ ചെപ്പ്  തുറക്കുമ്പോൾ

നീയെനിക്കു സമ്മാനിച്ച

ചെമ്പനീർ പൂവിൻ ഗാനമെന്നു

സ്നേഹാർദ്രമായി തഴുകുന്നു

നശ്വരമാമി മലരുണങ്ങാം

നിമിഷങ്ങളിൽ ഇതൾ

കൊഴിയുന്നജീവിതത്തിൽ

പവിത്രമാം ഹൃദയബന്ധത്താൽ

നമ്മളിൽ തളിർത്ത

വസന്തരാമത്തിൻ

വാസന പൂക്കൾ

അനശ്വരമെന്നറിയുക..

Shahana

9B

# മഹാത്മാഗാന്ധി

കവിത

അടിമത്തത്തിനെതിരായി ആയുധമില്ലാതെ

പോരാടിയ മഹത് വ്യക്തിയാണ് ഗാന്ധിജി.....

നന്മകൾ പൂക്കും വഴിയിൽ നമ്മെ  നയിച്ചു...

നമുക്ക നിത്യ സ്വരാജ്യം പകുത്തു തന്നു....

മഹാത്മാഗാന്ധി കീ ജയ്... ഭാരത് മാതാ കീ ജയ്...


ശാന്തി നമുക്ക പകർന്നു തന്നു....

അഹിംസ എന്ന ആയുധം മുറുകെപ്പിടിച്ചു..

രാഷ്ട്രപിതാവ് ഗാന്ധി

ജയ് ജയ് ഗാന്ധി...  ജയ് ജയ്

ഭാരത് മാതാ കി ജയ് ജയ്



Rifa Nasrin
9C

# സബ് ജില്ല പ്രവൃത്തി പരിചയമേളയിൽ H.S വിഭാഗം ഓവറോൾ ട്രോഫി കരസ്ഥമാക്കി..



## സബ്ജില്ലാ സാമൂഹ്യശാസ്ത്ര മേളയിൽ എട്ടാംതവണയും H.S വിഭാഗം ഓവറോൾ കരസ്ഥമാക്കി




# കൺകുളിർപ്പിക്കുന്ന നുറുങ്ങുകൾ

# കൂട്ടുകാരനൊരു കൂടൊരുക്കാൻ എം.ജി.എമ്മിലെ സഹപാഠികളും അധ്യാപകരും







# മലയാളത്തിളക്കം



# വിജയോത്സവത്തിന്റെ ഭാഗമായി ഭവനസന്ദർശനം







# പ്രധാന അധ്യാപികയുടെ നേതൃത്വത്തിൽ നടത്തിയ ശുചീകരണ പ്രവർത്തനങ്ങളിലൂടെ










# നല്ല പാഠം

ചികിത്സ സഹായം



കരിഞ്ചോല മല
ദുരിതാശ്വാസ ഫണ്ട്



കുട്ടനാട്ടിലെ കുട്ടികൾക്ക് ഒരു കൈത്താങ്ങ്



# കായികം

വടം വലി

ജൂനിയർ ടീം



യോഗ




വടം വലി ടീം



# Night Class for 10th Class Students











# ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങളിലൂടെ









തമിഴ്നാട്ടിൽ വെച്ച്നടന്ന വടംവലി മത്സരത്തിൽ സ്വർണ്ണ മെഡൽ നേടിയ കേരളാ ടീം അംഗങ്ങളായ ആർദ്ര എസ്.സൂസനും സനയും



# അധ്യാപക ദിനാചരണങ്ങളിലൂടെ..





# ലിറ്റിൽ കൈറ്റ്സ് ക്യാമ്പ് ഉദ്ഘാടനം








# കേരളപ്പിറവി ആഘോഷത്തിൽ നിന്നും ■ ■






Thank You